പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2830 **28-10-2026-ൽ മറുപടിയ്ക്ക്**

മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേക ഭവനപദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. പാറക്കൽ അബ്ദുല്ല

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) ലൈഫ് ഭവനപദ്ധതി മുഖാന്തിരം മത്സ്യത്തൊഴിലാളികൾക്ക് വീട് ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഉണ്ട്. ഫിഷറീസ് വകുപ്പ് മുഖേന മത്സ്യത്തൊഴിലാളികൾക്കായി പ്രത്യേക ഭവന പദ്ധതി ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. മത്സ്യത്തൊഴിലാളികൾക്കായുള്ള പുതിയ ഭവന പദ്ധതിയ്ക്കായുള്ള ശുപാർശ ഫിഷറീസ് ഡയറക്ടർ സമർപ്പിച്ചിരുന്നു. എന്നാൽ പദ്ധതി ശുപാർശയുമായി ബന്ധപ്പെട്ട് ചില കാര്യങ്ങളിൽ കൂടി വ്യക്തത വരുത്തി പുനർ സമർപ്പിക്കുവാൻ നിർദ്ദേശിച്ച പ്രകാരം പരിഷ്കരിച്ച പ്രൊപ്പോസൽ, പദ്ധതിയുടെ കരട് മാർഗരേഖ എന്നിവ തയ്യാറാക്കി ഫിഷറീസ് ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരികയാണ്.

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി ഫിഷറീസ് വകുപ്പ് മത്സ്യതൊഴിലാളികൾക്കായി പ്രത്യേക ഭവന പദ്ധതി ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ